<u>അനുബന്ധം-2</u>

**ഫയർ സ്റ്റേഷൻ സംബന്ധിച്ച് അഡ്വക്കേറ്റ് ശ്രീ. കെ. പ്രേംകുമാർ എം.എൽ.എ.-യുടെ സബ്മിഷനുള്ള മുഖ്യമന്ത്രിയുടെ മറുപടി**

ഒരു പ്രദേശത്തെ ജനസാന്ദ്രത, റസ്പോൺസ് ടൈം, ഭൂപ്രകൃതി സംബന്ധമായ പ്രത്യേകതകൾ, തീർത്ഥാടന കേന്ദ്രങ്ങൾ, വ്യാപാര വാണിജ്യ സ്ഥാപനങ്ങളുടെ സാന്നിധ്യം, ജലലഭ്യത, തുടങ്ങിയവ അടിസ്ഥാനപ്പെടുത്തിയാണ് പൊതുവെ ഫയർസ്റ്റേഷനുകൾ ആരംഭിക്കുന്നത്.

എന്നാൽ, സർക്കാർ അനുവദിക്കുന്ന ഫയർസ്റ്റേഷനുകൾ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിക്കുന്നതിന് മുമ്പ് വീണ്ടും ഫയർ സ്റ്റേഷനുകൾ അനുവദിച്ചുകൊണ്ടുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്ന സ്ഥിതി നിലവിലുണ്ടായിരുന്നു. ഇത് കണക്കിലെടുത്ത് മുമ്പ് ആരംഭിക്കാൻ തീരുമാനിച്ചിട്ടുള്ള ഫയർ സ്റ്റേഷനുകളുടെ പ്രവർത്തനം തുടങ്ങുന്നതിന് മുൻഗണന നൽകുക എന്ന നയമാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. അവ പ്രവർത്തനസജ്ജമാകുന്ന മുറയ്ക്ക് പുതിയ സ്റ്റേഷനുകൾ ആരംഭിക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്. ആ സന്ദർഭത്തിൽ ഒറ്റപ്പാലത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്ന കാര്യവും പരിഗണിക്കാവുന്നതാണ്.